## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ പാലക്കാട് ജില്ല

**പ്രവചന കാലയളവ് 22.11.2025 മുതൽ 26.11.2025 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 47/2025 (93) വെള്ളിയാഴ്ച | തീയ്യതി 21/11/2025 |
|---|---|

### 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 22.11.2025 | 23.11.2025 | 24.11.2025 | 25.11.2025 | 26.11.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 1 | 1 | 3 | 2 | 0.5 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 2 | 3 | 3 | 2 | 3 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 70 | 70 | 70 | 70 | 70 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 7 | 8 | 6 | 5 |

**കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ നേരിയ തോതിൽ മഴയ്ക്കു സാധ്യത. കേരളത്തിൽ ഒന്നോ രണ്ടോ സ്ഥലങ്ങളിൽ ഇടിമിന്നലോടുകൂടിയ മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.**

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ:-.മണ്ണ് പരിശോധന അടിസ്ഥാനത്തിൽ വേണം വളപ്രയോഗം നടത്താൻ. അമ്ളാംശം കൂടിയ മണ്ണിൽ നിന്ന് വിളകൾക്ക് പോഷകങ്ങൾ വലിച്ചെടുക്കാൻ സാധിക്കാത്തതിനാൽ ആവശ്യാനുസരണം കുമ്മായം ചേർത്ത് 10 ദിവസത്തിന് ശേഷം മാത്രമേ വളപ്രയോഗം നടത്താവൂ.

| വിളകൾ | രോഗകീടങ്ങൾ, വിളപരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (മുണ്ടകൻ) ചിനപ്പ് പൊട്ടുന്നപരുവം | ബാക്ടീരിയൽ ഓലകരിച്ചിൽ രോഗം | നെൽപ്പാടങ്ങളിൽ ബാക്ടീരിയൽ ഓലകരിച്ചിൽ രോഗം കണ്ടുവരുന്നുണ്ട്. രോഗം ശ്രദ്ധയിൽപ്പെട്ടാൽ ഒരു ഏക്കറിന് 2 കിലോഗ്രാം ബ്ലീച്ചിങ് പൗഡർ കിഴികെട്ടി പാടത്തെ വെള്ളക്കെട്ടിൽ ഇട്ടുകൊടുക്കുക. രോഗം അധികരിക്കുകയാണെങ്കിൽ 2 ഗ്രാം സ്ട്രെപ്റ്റോസൈക്ലിൻ 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിച്ച് കൊടുക്കുക. |
| തെങ്ങ് | കൊമ്പൻ ചെല്ലി | നല്ല രീതിയിൽ തെങ്ങിൻ തലപ്പ് വൃത്തിയാക്കി 200 ഗ്രാം മണലും വേപ്പിൻ പിണ്ണാക്കും അടങ്ങിയ മിശ്രിതം 10:1 എന്ന അനുപാതത്തിൽ തെങ്ങോല കവിളുകൾക്കിടയിൽ ഇട്ടു കൊടുക്കുന്നത് കൊമ്പൻ ചെല്ലിയുടെ ആക്രമണം തടയാൻ സഹായിക്കുന്നു. ചാണകക്കുഴികളിലും വണ്ടിന്റെ പ്രജനനം നടക്കാൻ സാധ്യതയുള്ള സ്ഥലങ്ങളിലും മെറ്റാറൈസിയം എന്ന മിത്രകുമിൾ 250 ഗ്രാം 750 മില്ലി വെള്ളത്തിൽ കലക്കി തളിച്ചുകൊടുക്കുകയും പെരികലത്തിന്റെ ഇല ഇതിൽ ഇട്ടു കൊടുക്കുകയും ചെയ്യുക. |
| വാഴ | പിണ്ടിപ്പുഴു | പിണ്ടിപ്പുഴുവിന്റെ ആക്രമണം തടയുന്നതിനായി 4 മുതൽ 5 മാസം പ്രായമായ വാഴകളിൽ ഉണങ്ങിയ ഇലകൾ നീക്കം ചെയ്തതിനു ശേഷം 5% നന്മ, 50ml ഒരു ലിറ്റർ എന്ന തോതിൽ ഇലകളിലും പിണ്ടിയിലും മുഴുവനായി തളിച്ചു കൊടുക്കാവുന്നതാണ്. വണ്ടുകളുടെ ആക്രമണം ശ്രദ്ധയിൽ പെട്ടിട്ടുണ്ടെങ്കിൽ, മേന്മ 5 ml വീതം പിണ്ടിയിൽ ആക്രമണം നടത്തിയതിനു ചുറ്റുമായി മൂന്നു ഭാഗങ്ങളിൽ കുത്തി വക്കുക. പിണ്ടിപ്പുഴുവിന്റെആക്രമണംകുറക്കാൻബ്യൂവേറിയബാസിയാന 20 g / 1 L വെള്ളത്തിൽകലക്കിഇലകവിളുകളിൽതളിച്ച്കൊടുക്കുക. വാഴയിൽ ചളി തേച്ചുപിടിപ്പിക്കുക. EPN 4 ഇലകവിളുകളിൽ ഒരെണ്ണം വീതം വയ്ക്കുക |

മൃഗസംരക്ഷണം-: തൊലിപ്പുറമേ ഉള്ള പരാദങ്ങൾക്കു എതിരെ ജാഗ്രത പുലർത്തണം. പനി, വിറയൽ, വിശപ്പില്ലായ്മ, മൂത്രത്തിൽ തവിട്ടു നിറം എന്നിവ ശ്രദ്ധയിൽ പെട്ടാൽ ഉടൻ വെറ്റിനറി ഡോക്ടറുടെ സഹായം തേടണം. (CAADECCS, KVASU, Mannuthy)